ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 04.09.2024**

## പ്രധാനവാർത്തകൾ

1. ദ്വിരാഷ്ട്ര പര്യടനത്തിൻറെ ഭാഗമായി സിംഗപ്പൂരിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഊഷ്മള വരവേൽപ്. സിംഗപ്പൂർ പ്രസിഡൻറുമായും, പ്രധാനമന്ത്രിയുമായും നാളെ കൂടിക്കാഴ്ച.

2. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കഴിഞ്ഞ തവണത്തെ തുകയിൽ കുറയാത്ത വിധം ബോണസ് അനുവദിക്കാൻ മന്ത്രിസഭായോഗത്തിൽ തീരുമാനം.

3. സപ്ലൈകോ ഓണം ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. കൺസ്യൂമർഫെഡ് ഓണം വിപണികളുടെ ഉദ്ഘാടനം മറ്റന്നാൾ.

4. മജ്ജ മാറ്റിവക്കൽ ചികിത്സയ്ക്ക് സഹായകമാകുന്ന കേരള ബോൺമാരോ രജിസ്ട്രി സംസ്ഥാനത്ത് സജ്ജമാക്കാൻ ആരോഗ്യ വകുപ്പിന്റെ അനുമതി.

5. പാരീസ് പാരാലിമ്പിക്സ് ഷോട്ട്പുട്ടിൽ ഇന്ത്യയുടെ സച്ചിൻ ഖിലാരിക്ക് വെള്ളി.

**************************************

## പ്രധാനമന്ത്രി

ബ്രൂണെ സന്ദർശനം പൂർത്തിയാക്കി സിംഗപ്പൂരിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഊഷ്മള വരവേൽപ്. ലയൺ സിറ്റിയിലെത്തിയ പ്രധാനമന്ത്രിയെ സിംഗപ്പൂർ ആഭ്യന്തര മന്ത്രി കെ ഷൺമുഖത്തിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. സിംഗപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോങ്ങുമായി ശ്രീ മോദി നാളെ കൂടിക്കാഴ്ച നടത്തും. ഇന്ത്യയും സിംഗപ്പൂരും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തത്തിൻറെ പുരോഗതി ഇരുനേതാക്കളും അവലോകനം ചെയ്യും. പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളും കൂടിക്കാഴ്ചയിൽ ചർച്ചയാകും. സിംഗപ്പൂർ പ്രധാനമന്ത്രിയൊരുക്കുന്ന വിരുന്നു സൽക്കാരത്തിൽ ശ്രീ മോദി ഇന്ന് പങ്കെടുക്കും. സിംഗപ്പൂർ പ്രസിഡൻറുമായും അദ്ദേഹം നാളെ കൂടിക്കാഴ്ച നടത്തും. ആറ് വർഷങ്ങൾക്ക് ശേഷം സന്ദർശനത്തിനെത്തുന്ന പ്രധാനമന്ത്രിക്ക് സിംഗപ്പൂരിലെ ഇന്ത്യൻ സമൂഹം ആവേശകരമായ വരവേൽപാണ് നൽകിയത്. രാജ്യത്തെ വ്യവസായ പ്രമുഖരുമായും ശ്രീ മോദി സംവദിക്കും. സന്ദർശനത്തിന്റെ ആദ്യ പാദത്തിൽ പ്രധാനമന്ത്രി ബ്രൂണെ സുൽത്താൻ ഹാജി ഹസ്സനൽ ബൊൾക്കിയ-യുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ഇന്ത്യ-ബ്രൂണെ വ്യാപാര സഹകരണം മെച്ചപ്പെടുത്തൽ, ആക്ട് ഈസ്റ്റ് നയം എന്നിവയെക്കുറിച്ച് ഇരുവരും ചർച്ച ചെയ്തു. ടെലിമെട്രി, നിരീക്ഷണം, ഉപഗ്രഹ-വിക്ഷേപണ മേഖലയിലെ സഹകരണം എന്നിവ സംബന്ധിച്ച ധാരണാപത്രത്തിലും ഇരുരാജ്യങ്ങളും ഒപ്പുവച്ചു. ബ്രൂണെ തലസ്ഥാനമായ ബാൻദർ സെരി ബെഗവാനും ചെന്നൈക്കുമിടയിൽ നേരിട്ടുള്ള വിമാന സർവീസ് ആരംഭിക്കാനും ധാരണയായി.

RNU TVPM

*************************************

## മന്ത്രിസഭായോഗ തീരുമാനങ്ങൾ

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കഴിഞ്ഞ തവണ നൽകിയ തുകയിൽ കുറവ് വരാത്തവിധം ബോണസ് അനുവദിക്കാൻ മന്ത്രിസഭ യോഗത്തിൽ തീരുമാനമായി. മുൻവർഷത്തേക്കാൾ പ്രവർത്തനലാഭം ഉണ്ടാക്കിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കഴിഞ്ഞ തവണത്തേക്കാൾ 2 മുതൽ 8 ശതമാനം വരെ ബോണസ് നൽകുന്ന കാര്യം പരിഗണിക്കും. തിരുവനന്തപുരം ശ്രീകാര്യം മേൽപ്പാലത്തിൻറെ നിർമ്മാണ പ്രവർത്തിക്കായുള്ള 71 കോടി 38 ലക്ഷത്തിൻറെ ടെണ്ടറിനും മന്ത്രിസഭ അംഗീകാരം നൽകി.

*************************************

RNU TVPM

## ഓണം ഫെയർ

സപ്ലൈകോ ഓണം ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. സെപ്റ്റംബർ 6 മുതൽ ജില്ലാതലത്തിലും, സെപ്റ്റംബർ 10 മുതൽ നിയോജകമണ്ഡലാടിസ്ഥാനത്തിലും സപ്ലൈകോ ഫെയറുകൾ നടക്കും. ഈ മാസം 14 വരെയാണ് മേള. 13 ഇനം സബ്സിഡി സാധനങ്ങൾക്ക് പുറമെ വിവിധ ഉത്പന്നങ്ങൾ 10 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ ഓണം ഫെയറുകളിലൂടെ ലഭിക്കും. കൺസ്യൂമർ ഫെഡ് ഓണം വിപണികളുടെ ഉദ്ഘാടനവും മുഖ്യമന്ത്രി മറ്റന്നാൾ നിർവഹിക്കും. സെപ്റ്റംബർ 7 മുതൽ 14 വരെ 1500 കേന്ദ്രങ്ങളിലാണ് ഓണം വിപണി പ്രവർത്തിക്കുക. മഞ്ഞ റേഷൻ കാർഡ് ഉടമകൾക്കുള്ള ഓണക്കിറ്റ് വിതരണവും ഈ മാസം 9 ന് ആരംഭിക്കും.

***********************************

## കുടുംബശ്രീ ഓണം - ഇൻട്രോ

കുടുംബശ്രീ ഓണച്ചന്തകൾക്ക് സംസ്ഥാനത്ത് ചൊവ്വാഴ്ച തുടക്കമാകും. മേളയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എം.ബി രാജേഷ് പത്തനംതിട്ടയിൽ നിർവഹിക്കും. കുടുംബശ്രീ ബ്രാൻഡിൽ ഉപ്പേരിയും ശർക്കരവരട്ടിയും മേളയിലൂടെ ഇത്തവണ വിപണിയിലെത്തും.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയ്സ്)

***********************************

## ബോൺമാരോ രജിസ്ട്രി

മജ്ജ മാറ്റിവക്കൽ ചികിത്സയ്ക്ക് സഹായകമാകുന്ന കേരള ബോൺമാരോ രജിസ്ട്രി സംസ്ഥാനത്ത് ആദ്യമായി സജ്ജമാക്കാൻ ആരോഗ്യ വകുപ്പിന്റെ അനുമതി. തലശേരി മലബാർ കാൻസർ സെന്റർ - കെ ഡിസ്കിന്റെ സഹകരണത്തോടെയാണ് ബോൺമാരോ രജിസ്ട്രി തയ്യാറാക്കുന്നത്. രക്താർബുദം ബാധിച്ചവർക്ക് അനുയോജ്യമായ മൂലകോശം ലഭ്യമാക്കുന്നതിനായി രോഗികളുടെ ഡേറ്റാബേസ് തയ്യാറാക്കുകയാണ് ലക്ഷ്യം. ഇതിലൂടെ മജ്ജ മാറ്റിവെക്കൽ ചികിത്സ ചെലവ് ഗണ്യമായി കുറക്കാനും, യോജിച്ച മൂലകോശ ലഭ്യത ഉറപ്പാക്കാനും സാധിക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞു.

***********************************

RIJU TVPM

## കെ.രാജൻ

ഇടുക്കി ബൈസൺ വാലിയിൽ ചൊക്രമുടി ഭാഗത്ത് അനധികൃത ഭൂമി കൈയ്യേറ്റം സംബന്ധിച്ച പരാതിയിൽ അന്വേഷണം പ്രഖ്യാപിച്ച് റവന്യൂ മന്ത്രി കെ. രാജൻ. ഒരാഴ്ച്ചക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടർക്ക് മന്ത്രി നിർദേശം നൽകി. കയ്യേറ്റം കണ്ടെത്തിയാൽ ഭൂമി തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് അദ്ദേഹം അറിയിച്ചു. വ്യാജ പട്ടയങ്ങൾ കണ്ടെത്തിയാൽ അവർക്കെതിരെ ക്രിമിനൽ കേസു ചുമത്താൻ നിർദ്ദേശിച്ചതായും മന്ത്രി പറഞ്ഞു.

**************************************

## സിയാൽ വരുമാനം

കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നേടിയത് 1,014 കോടി രൂപയുടെ മൊത്തവരുമാനം. 412 കോടി രൂപയാണ് സിയാലിൻറെ അറ്റാദായം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് മൊത്തവരുമാനം 31.6 ശതമാനം വർധിച്ചു. വ്യോമയാന മേഖലയിലെ വളർച്ച കണക്കിലെടുത്ത് ടെർമിനൽ വികസനം ഉൾപ്പെടെ ഒട്ടേറെ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ നടപ്പാക്കാനും സിയാൽ ലക്ഷ്യമിടുന്നുണ്ട്.

**************************************

## നെഹ്റു ട്രോഫി - ഇൻട്രോ

നെഹ്റു ട്രോഫി വള്ളംകളിയുമായി ബന്ധപ്പെട്ട അനിശ്ചിതത്വം ഒഴിഞ്ഞതോടെ ബോട്ട് ക്ലബ്ബുകളും വള്ളംകളി പ്രേമികളും വീണ്ടും ആവേശത്തിൽ. ജലമേളക്കായുള്ള ഒരുക്കങ്ങളും ടിക്കറ്റ് വിൽപനയും ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്.

RNU TVPM

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ....

(വോയിസ്)

*************************************

## ആകാശവാണി - ലളിത സംഗീത സന്ധ്യ

ഓണാഘോഷങ്ങളുടെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയം നാളെ വൈകുന്നേരം ആറു മണി മുതൽ പൂജപ്പുര ശ്രീ ചിത്തിര തിരുനാൾ ഓഡിറ്റോറിയത്തിൽ 'ഗാനപരാഗം' ലളിതസംഗീത സന്ധ്യ സംഘടിപ്പിക്കുന്നു. പുത്തൻ യുഗ്മഗാനങ്ങളും ആകാശവാണിയുടെ ജനപ്രിയ ലളിതഗാനങ്ങളും പ്രമുഖ ഗായകർ വേദിയിൽ അവതരിപ്പിക്കും. പരിപാടിയിലേക്കുള്ള പ്രവേശനം സൗജന്യമാണ്.

*************************************

RIJU TVPM

## ജാമ്യ ഹർജി - രഞ്ജിത്ത്

ബംഗാളി നടിയുടെ പീഡന പരാതിയുമായി ബന്ധപ്പെട്ട് സംവിധായകൻ രഞ്ജിത്ത് സമർപ്പിച്ച മുൻകൂർ ജാമ്യ ഹർജി ഹൈക്കോടതി തീർപ്പാക്കി. ജാമ്യം ലഭിക്കാവുന്ന വകുപ്പാണ് രഞ്ജിത്തിനെതിരെ ചുമത്തിയിരിക്കുന്നത് എന്ന സർക്കാർ വാദം അംഗീകരിച്ചാണ് ഹൈക്കോടതി നടപടി.

*************************************

## പാരീസ് പാരാലിമ്പിക്സ്

പാരീസ് പാരാലിമ്പിക്സ് ഏഴാം ദിനത്തിൽ ഇന്ത്യക്ക് വെള്ളിത്തിളക്കം. അത്‌ലറ്റിക്സിൽ പുരുഷന്മാരുടെ ഷോട്ട്പുട്ട് -എഫ് 46 വിഭാഗം ഫൈനലിൽ സച്ചിൻ ഖിലാരി

വെള്ളിമെഡൽ നേടി. ഇതോടെ പാരീസിലെ ഇന്ത്യയുടെ മെഡൽ നേട്ടം 21 ആയി. മെഡൽ നേട്ടത്തിൽ സച്ചിൻ ഖിലാരിയെ പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ അഭിനന്ദിച്ചു. വനിതകളുടെ പവർലിഫ്റ്റിംഗിൽ 45 കിലോഗ്രാം വിഭാഗം ഫൈനലിൽ മെഡൽ പ്രതീക്ഷയുമായി സക്കീന ഖാത്തൂൻ ഇന്ന് മത്സരിക്കും. പുരുഷന്മാരുടെ ക്ലബ് ത്രോ F51 വിഭാഗം ഫൈനൽ പോരാട്ടവും ഇന്നാണ്. അമ്പെയ്ത്തിൽ റീകർവ് ഇനത്തിൽ ഹർവീന്ദർ സിംഗും ഇന്നിറങ്ങും.

**************************************

## പി.എം. വിശ്വകർമ്മ പദ്ധതി

കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയത്തിന് കീഴിലുള്ള പി.എം. വിശ്വകർമ്മ പദ്ധതിയുടെ ഗുണഭോക്താക്കൾക്കുള്ള സർട്ടിഫിക്കറ്റുകൾ മലപ്പുറം ജില്ലയിൽ വിതരണം ചെയ്തു. മരപ്പണി, സ്വർണ്ണപ്പണി, മൺപാത്ര നിർമ്മാണം എന്നീ മേഖലകളിൽ ആദ്യഘട്ട പരിശീലനം പൂർത്തിയാക്കിയവർക്കാണ് സർട്ടിഫിക്കറ്റ് നൽകിയത്. ഗുണഭോക്താക്കൾക്കുള്ള വായ്പ വിതരണം ഇ.ടി മുഹമ്മദ് ബഷീർ എം.പി ഉദ്ഘാടനം ചെയ്തു. ഇതിനുപുറമെ കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിന് കീഴിലുള്ള ആർട്ടിസാൻ കാർഡും ലഭ്യമാക്കുന്നുണ്ട്. ഇതിലേക്കുള്ള രജിസ്ട്രേഷനും ചടങ്ങിൽവെച്ച് നടന്നു.

RNI TVPM

**************************************

## തീപിടിച്ച് അപകടം

മലപ്പുറം പൊന്നാനി കാഞ്ഞിരമുക്കിൽ ഗൃഹനാഥൻ വീടിന് തീവെച്ച സംഭവത്തിൽ ഗൃഹനാഥനും ഭാര്യയും അമ്മയും മരിച്ചു. പുളിക്കക്കടവ് സ്വദേശി മണികണ്ഠൻ, ഭാര്യ റീന, അമ്മ സരസ്വതി എന്നിവരാണ് മരിച്ചത്. രണ്ട് മക്കൾ പൊള്ളലേറ്റു

ചികിത്സയിലാണ്. ഇന്ന് പുലർച്ചെ രണ്ടുമണിയോടെയാണ് മണികണ്ഠൻ കിടപ്പുമുറിയിൽ പെട്രോൾ ഒഴിച്ച് തീ കത്തിച്ചത്.

*************************************

## കോൺഗ്രസ് സെക്രട്ടറിയേറ്റ് മാർച്ച്

ആഭ്യന്തരവകുപ്പിനെതിരെ ഉയരുന്ന ആരോപണങ്ങളുടെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് കോൺഗ്രസ് മറ്റന്നാൾ സെക്രട്ടറിയേറ്റിലേക്ക് പ്രതിഷേധ മാർച്ച് നടത്തും. കെപിസിസി അധ്യക്ഷൻ കെ.സുധാകരൻ, പ്രതിപക്ഷനേതാവ് വിഡി സതീശൻ ഉൾപ്പെടെയുള്ള നേതാക്കൾ പ്രതിഷേധ മാർച്ചിൽ പങ്കെടുക്കും.

*************************************

RNU TVPM

## അധ്യാപക ദിനം

ദേശീയ അധ്യാപക ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പത്തനംതിട്ടയിൽ നിർവഹിക്കും. രാവിലെ കോഴഞ്ചേരിയിൽ നടക്കുന്ന ചടങ്ങിൽ മികച്ച അധ്യാപകർക്കുള്ള പുരസ്കാരങ്ങൾ മന്ത്രി വിതരണം ചെയ്യും.

*************************************

## മുഖ്യമന്ത്രി - ടിബി നിവാരണം

ക്ഷയരോഗത്തിനെതിരായ കേരളത്തിന്റെ പ്രവർത്തങ്ങളും മുന്നേറ്റങ്ങളും ഉൾപ്പെടുത്തിയ രേഖ മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് പ്രകാശനം ചെയ്യും. ക്ഷയരോഗ നിവാരണ നയരേഖ പുറത്തിറക്കുന്നതിന് മുന്നോടിയായുള്ള ലഘുലേഖയും മുഖ്യമന്ത്രി ചടങ്ങിൽ പുറത്തിറക്കും. 2025 ഓടെ സംസ്ഥാനത്തെ ക്ഷയ

രോഗമുക്തമാക്കുക ലക്ഷ്യമിട്ടാണ് നടപടികൾ. ആരോഗ്യ മന്ത്രി വീണാ ജോർജ് ചടങ്ങിൽ അധ്യക്ഷത വഹിക്കും.

*************************************

## തിരുവോണം ബമ്പർ

പത്തു സീരീസുകളിലെ ലോട്ടറി ടിക്കറ്റുകളിൽ 25 കോടി രൂപ ഒന്നാം സമ്മാനമുള്ള തിരുവോണം ബമ്പറിന്റെ ബ്ലോ അപ്പ് സെക്രട്ടേറിയറ്റിൽ ധനമന്ത്രി കെഎൻ ബാലഗോപാൽ പ്രകാശനം ചെയ്തു. 500 രൂപയാണ് ഓണം ബമ്പർ ടിക്കറ്റിന്റെ നിരക്ക്.

*******************************************************

*************************************

**********************

RNU TVPM